"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യാ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കെ-സ്മാർട്ട് സേവനങ്ങൾ - അക്ഷയ കേന്ദ്രങ്ങൾക്ക് ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു,

---

**ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യാ (സി) വകുപ്പ്**

G.O.(Rt)No.185/2025/ITD തീയതി,തിരുവനന്തപുരം, 06-08-2025

---

പരാമർശം:-

1) 01/04/2025 തീയതിയിലെ അക്ഷയ സംസ്ഥാന പ്രോജക്ട് ഓഫീസ് ഡയറക്ടറുടെ AKS/107/2025-PA2 ADMIN(ASPO) നമ്പർ കത്ത്.
2) 10/04/2025 തീയതിയിലെ ഇൻഫർമേഷൻ കേരളാ മിഷന്റെ ചീഫ് മിഷൻ ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ (ഐ/സി)-ടെ 387-E6-2025-IKM നമ്പർ കത്ത്.
3) 04/05/2025 തീയതിയിലെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/736/2025-EER1 നമ്പർ കത്ത്
4) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ LSGD-EG1/77/2025-LSGD നമ്പർ ഫയൽ

**<u>ഉത്തരവ്</u>**

കെ-സ്മാർട്ട് പോർട്ടൽ മുഖേന ലഭ്യമാകുന്ന തദ്ദേശ സ്ഥാപനങ്ങളുടെ സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ മുഖാന്തിരം കൂടി പൊതുജനജനങ്ങൾക്ക് ലഭ്യമാകുമ്പോൾ ഓരോ സേവനത്തിനും അക്ഷയ കേന്ദ്രങ്ങൾക്കുള്ള സർവ്വീസ് ചാർജ്ജ് നിശ്ചയിക്കണമെന്ന് പരാമർശം 4-ലെ ഫയൽ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ-സ്മാർട്ട് ഓൺലൈൻ സേവനങ്ങൾ അക്ഷയ കേന്ദ്രം വഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കുമ്പോൾ ഓരോ സേവനത്തിനും അക്ഷയ കേന്ദ്രങ്ങൾ ഈടാക്കേണ്ട സർവ്വീസ് ചാർജ്ജ് ചുവടെ പട്ടികപ്പെടുത്തും പ്രകാരം അംഗീകരിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | സേവനം | സർവ്വീസ് ചാർജ്ജ് (രൂപ) |
|---|---|---|
| 1 | ജനന രജിസ്ട്രേഷൻ | 40 |
| 2 | മരണ രജിസ്ട്രേഷൻ | 40 |
| 3 | ജനന മരണ രജിസ്ട്രേഷനുകളിലെ | 50 |

| | | |
|---|---|---|
| | തിരുത്തലുകൾ | |
| 4 | വിവാഹ രജിസ്ട്രേഷൻ | പൊതുവിഭാഗത്തിന് 70 രൂപ + പ്രിൻറിംഗ്/സ്കാനിംഗ് (പേജ് ഒന്നിന് 3 രൂപ)<br><br>SC/ST വിഭാഗത്തിന് പ്രിൻറിംഗ്/സ്കാനിംഗ് ഉൾപ്പെടെ 50 രൂപ |
| 5 | വിവാഹ രജിസ്ട്രേഷനിലെ തിരുത്തലുകൾ | 60 |
| 6 | ലൈസൻസ് അപേക്ഷ | 40 |
| 7 | ലൈസൻസ് തിരുത്തലുകൾ | 40 |
| 8 | പരാതികൾ | 30 |
| 9 | സർട്ടിഫിക്കറ്റുകൾ/അറിയിപ്പുകൾ ഡൗൺലോഡ് ചെയ്തു നൽകൽ(ഒരു പേജിന്) | 10 |
| 10 | നികുതികൾ, ഫീസുകൾ അടച്ചുനൽകൽ- Payment Charges (അപേക്ഷകളോടൊപ്പമല്ലാതെയുള്ളവ) | Rs.10 (Lowest) to Rs.100 (Maximum)<br><br>1000 രൂപ വരെയുള്ള തുകയ്ക്ക് 10 രൂപ, 1001 മുതൽ 5000 രൂപ വരെയുള്ള തുകയ്ക്ക് 20 രൂപ,<br><br>5000 രൂപയ്ക്ക് മുകളിലുള്ളതിന് തുകയുടെ 0.5 ശതമാനം അല്ലെങ്കിൽ100രൂപ (ഏതാണോ കുറഞ്ഞത്) |
| 11 | ഉടമസ്ഥാവകാശം മാറ്റൽ | 50 |
| 12 | ബിപിഎൽ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ | 10 |
| 13 | മറ്റ് അപേക്ഷകൾ | 20 |

3) മേൽ സേവനങ്ങൾക്ക് അപേക്ഷാ ഫീസ് ഉണ്ടെങ്കിൽ ആയത് അപേക്ഷകരിൽ നിന്നും മേൽ സർവ്വീസ് ചാർജ്ജുകൾക്ക് പുറമെ പ്രത്യേകം ഈടാക്കേണ്ടതും, അപേക്ഷ ഫീസുകൾ, മേൽ സർവ്വീസ് ചാർജ്ജുകൾ എന്നിവ സംബന്ധിച്ച പട്ടിക പൊതുജനങ്ങൾക്ക് ദൃശ്യമാകുന്നരീതിയിൽ അക്ഷയ കേന്ദ്രങ്ങൾ പ്രദർശിപ്പിക്കേണ്ടതുമാണ്..

4) കെ-സ്മാർട്ട് മുഖേന ലഭ്യമാക്കുന്ന തദ്ദേശ സ്ഥാപനങ്ങളുടെ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുമ്പോൾ വ്യകതിഗത ഡാറ്റ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ ഇൻഫർമേഷൻ കേരള മിഷനും, കേരള സംസ്ഥാന അക്ഷയ പ്രോജക്ട് ഓഫീസും

സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ S R
UNDER SECRETARY

തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ഐ ടി മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന അക്ഷയ പ്രോജക്ട് ഓഫീസ്, തിരുവനന്തപുരം.
ചീഫ് മിഷൻ ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ (i/c), ഇൻഫർമേഷൻ കേരളാ മിഷൻ (ഐ.കെ.എം.), തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Lijin B V
Date: 06-08-2025 14:49:20
സെക്ഷൻ ഓഫീസർ

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യാ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ-ക്ക്